# പതിമൂന്നാം കേരളനിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 7616     15.07.2014     ൽ മറുപടിക്ക്

**എൻഡോസൾഫാൻ ദുരിതബാധിതരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള പാക്കേജ്**

| ചോദ്യം<br>ശ്രീ. പി.കെ. ബഷീർ : | | മറുപടി<br>ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ എൻഡോസൾഫാൻ ദുരിതബാധിതരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ പാക്കേജ് പ്രഖ്യാപിച്ചിരുന്നോയെന്ന് അറിയിക്കുമോ; | (എ) | പ്രഖ്യാപിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പാക്കേജ് നടപ്പിലാക്കുന്നതിലെ പുരോഗതി വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത പാക്കേജിൽ പറഞ്ഞിട്ടുള്ള പ്രതിമാസ പെൻഷൻ, പൂർണ്ണമായ സൗജന്യ ചികിത്സ, ദുരിതബാധിതർക്ക് ബി.പി.എൽ കാർഡ്, സൗജന്യ റേഷൻ തുടങ്ങിയവ ദുരിതബാധിതർക്ക് അനുവദിച്ച് വരുന്നുണ്ട്. |
| (സി) | പ്രസ്തുത പാക്കേജ് പൂർണ്ണമായി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | നടപ്പിലാക്കി വരുന്നുണ്ട്. പ്രസ്തുത പാക്കേജിനു പുറമേ ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശുപാർശ ചെയ്തിട്ടുള്ള സാമ്പത്തികസഹായം ദുരിതബാധിത പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള പൂർണ്ണമായും കിടപ്പിലായവർ, ബുദ്ധിമാന്ദ്യം സംഭവിച്ചവർ, ശാരീരിക വൈകല്യങ്ങൾ ഉള്ളവർ, കാൻസർ രോഗികൾ എന്നീ വിഭാഗങ്ങൾക്ക് സർക്കാർ ഉത്തരവിനനുസൃതമായി നൽകിവരുന്നുണ്ട്. കൂടാതെ ദുരിതബാധിതരായി മരണപ്പെട്ടവരുടെ ആശ്രിതർക്കും ഇത്തരത്തിൽ ധനസഹായം അനുവദിച്ച് വരുന്നുണ്ട്. |

Manjith

സെക്ഷൻ ഓഫീസർ